# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2691 — 14.12.2015 - ൽ മറുപടിയ്ക്ക്

### അണക്കെട്ടുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ. റ്റി. ജോർജ്ജ് | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിന് "ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ് മെന്റ് പ്രോജക്ട്" (DRIP) എന്ന പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/റഗുലേറ്ററുകൾ ഉൾ പ്പെടെ 16 പദ്ധതികളും സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുമാണ് DRIP ൽ (ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ് മെന്റ് പ്രോജക്റ്റിൽ) ഉൾ പ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്ന ഡാമുകളുടേയും അവയുടെ അനുബന്ധ ഭാഗങ്ങളുടേയും കാര്യക്ഷമത പരമാവധി പുന:സ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുകയെന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും, അണക്കെട്ടുകളുടെ അടിസ്ഥാന സൗകര്യ |

വികസനവും കൂടി പ്രസ്തുത പദ്ധതി വഴി കൈവരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ?

(സി) DRIP പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി ചില പ്രാരംഭ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അവയിൽ പ്രധാനപ്പെട്ടവ DRIP - ൽ ഉൾ പ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ DSRP (Dam Safety Review Panel) ഇൻ സ്പെക്ഷൻ, ഹൈഡ്രോളജിക്കൽ റിവ്യൂ സ്റ്റഡി (Hydrological Review Study) പ്രോജക്ട് സ്ക്രീനിംഗ് ടെംപ്ലേറ്റ് (Project Screening Template) തയ്യാറാക്കൽ, ബിഡ് ഡോക്യുമെന്റ് (Bid Document) തയ്യാറാക്കൽ എന്നിവയാണ്. അത്തരം പ്രാരംഭ നടപടികൾക്ക് State Project Management Unit (SPMU), Central Project Management Unit (CPMU) ലോകബാങ്ക് (World Bank) എന്നിവയുടെ അംഗീകാരവും ലഭിക്കേണ്ടതായുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പദ്ധതികളുടേയും DSRP Inspection, Hydrological Review Study എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. Hydrological Review Study - യ്ക്ക് അംഗീകാരവും ലഭിച്ചു. കാഞ്ഞിരപ്പുഴ അണക്കെട്ടിനൊഴികെയുള്ള DRIP -ലെ 15 പദ്ധതികൾക്കും പ്രോജക്ടുകളുടെ ടെംപ്ലേറ്റുകൾക്ക് ലോകബാങ്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ജലസേചന വകുപ്പിൽ DRIP - പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ള പത്ത് (10) പ്രവർത്തികൾ അവാർഡ് ചെയ്തിട്ടുണ്ട്. മൂന്ന് (3) പ്രവർത്തികളുടെ ടെണ്ടർ അംഗീകരിച്ചു കിട്ടുന്നതിനും ആറ് (6) പ്രവർത്തികളുടെ ടെണ്ടർ സംബന്ധിച്ച പരിശോധനയും ഇവാല്യുവേഷനും പൂർത്തീകരിക്കുന്നതിനും ഉള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മലമ്പുഴ അണക്കെട്ടിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ്

പ്രവർത്തികൾ കഴിവതും വേഗം പൂർത്തീകരിച്ച്
ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമങ്ങൾ
നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**